ഒരു പ്രത്യേക വിംഗ് രൂപീകരിച്ചു. ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കി. ബി.പി.എൽ. കാർഡുടമകൾക്ക്, 1-1-2004 മുതൽ ബി.പി.എൽ. നിരക്കിൽ ഗോതമ്പ് ലഭ്യമാക്കി. റേഷൻകടകളിൽ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും എ.എ.വൈ., അന്നപൂർണ്ണ ഉപഭോക്താക്കളുടെ ലിസ്റ്റ് റേഷൻകടകളിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും കർശനമായി നടപ്പാക്കി. എഫ്.സി.ഐ.-യുമായി തുടർച്ചയായി ബന്ധം പുലർത്തിയും നിരന്തരം ജാഗ്രത പാലിച്ചും എല്ലാ ഡിപ്പോകളിലും എല്ലായ്പോഴും ആവശ്യാനുസരണമുള്ള ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തി. അരിയുടെ ഗുണനിലവാരം ഉറപ്പാക്കി ബി.പി.എൽ. അരിയുടെ വിതരണം 100 ശതമാനമാക്കാൻ കഴിഞ്ഞു. എ.പി.എൽ., ബി.പി.എൽ. തരംതിരിവില്ലാതെ സാർവത്രിക റേഷനിംഗ് സമ്പ്രദായം പുനഃസ്ഥാപിക്കണമെന്ന് പുതിയ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസികൾ

*14 [330] ശ്രീ. എം. മുരളി:

„ കെ. സി. വേണുഗോപാൽ:

„ കെ. മുഹമ്മദലി:

„ ഇ. എം. അഗസ്തി:

„ തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസികൾ പ്രവർത്തനം ആരംഭിച്ചതെന്നാണ്;

(ബി) ഇവയുടെ പ്രവർത്തനരീതി വിശദീകരിക്കുമോ;

(സി) പ്രവർത്തനത്തിനാവശ്യമായ തുക എവിടെനിന്നാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽപ്പെട്ട എത്ര യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്; ഇവയുടെ പ്രവർത്തനം കൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) സംസ്ഥാനത്ത് ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസികൾ 2002-2003 സാമ്പത്തിക വർഷം മുതൽ പ്രവർത്തിച്ചു തുടങ്ങി.

(ബി) ഒരു റവന്യൂ ജില്ലയിൽപ്പെടുന്ന വനം ഡിവിഷൻ അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസികൾ പ്രവർത്തിക്കുന്നു. കൺസർവേറ്റർ ചെയർമാനും, ബന്ധപ്പെട്ട ഡി.എഫ്.ഒ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രദേശത്തെ വനസംരക്ഷണ സമിതികളെല്ലാം ഇതിൽ അംഗങ്ങളായിരിക്കും. കൂടാതെ ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികളും സ്ഥാനി അംഗങ്ങളായി ഉണ്ടാകും. 1860-ലെ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളാണ് എഫ്.ഡി.എ.-കൾ. വനസംരക്ഷണ സമിതികൾ ശക്തിപ്പെടുത്തുക, പങ്കാളിത്ത വനപരിപാലനം പ്രായോഗികമാക്കുക, ഗ്രാമവികസന പ്രവർത്തനങ്ങൾക്ക് സഹായ സഹകരണങ്ങൾ ലഭ്യമാക്കുക ഇവയാണ് ചുമതലകൾ.

(സി) ഏത് സ്രോതസ്സിൽനിന്നും ധനസഹായം സ്വീകരിക്കാൻ എഫ്.ഡി.എ.-കൾക്ക് കഴിയും. ദേശീയ വനവൽക്കരണ പദ്ധതിയിൽ (NAP) നിന്ന് കേന്ദ്രധനസഹായം ഇപ്പോൾ ലഭിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷാവസാനം വരെ 33 എഫ്.ഡി.എ.-കൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 13 എണ്ണത്തിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമായിട്ടുണ്ട്. ഇവയുടെ പ്രവർത്തനംകൊണ്ട് 2004 മാർച്ച് 31 വരെ 403.24 ഹെക്ടർ വനവൽക്കരണം നടത്തുകയും തദ്വാര 29683 തൊഴിൽദിനങ്ങൾ ലഭ്യമാക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. വനാശ്രിത സമൂഹങ്ങളിൽ വന സംരക്ഷണത്തിന് പ്രചോദനം ഉണർത്താനും പങ്കാളിത്തപ്രവർത്തനത്തിനുള്ള താൽപര്യം വളർത്താനും കഴിഞ്ഞിട്ടുണ്ട്.

വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ പദ്ധതി

*15 [331] ശ്രീ. എ. എൻ രാജൻബാബു:
" ഷിബു ബേബിജോൺ:
" ജോണി നെല്ലൂർ:
" കെ. കെ. ഷാജു:
" ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതു വഴി വനിതകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) കൃഷി വകുപ്പ് നേരിട്ടും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (എസ്.എഫ്.എ.സി.), വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (വി.എഫ്.പി.സി.) എന്നീ ഏജൻസികൾ മുഖേനയുമാണ് പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly